**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 827** **14-10-2026-ൽ മറുപടിയ്ക്ക്**

**പുനലൂർ മണ്ഡലത്തിലെ റോസ് മലയിലെയും കട്ടിളപ്പാറയിലെയും സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി.**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. അജയപ്രസാദ് ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** പുനലൂർ മണ്ഡലത്തിലെ കുളത്തുപ്പുഴ ഗ്രാമപ്പഞ്ചായത്തിലുൾപ്പെട്ട റോസ് മല, കട്ടിളപ്പാറ എന്നീ പ്രദേശങ്ങളിൽ നടപ്പിലാക്കിയ നവകിരണം സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുടെ നിബന്ധനകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**മറുപടി:** മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ,വികസന പ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ മനുഷ്യവാസ മേഖലകളിൽ നിന്നും സ്വയംസന്നദ്ധമായി ആദിവാസി ഇതര വിഭാഗത്തിൽ വരുന്നവരുടെ പുനരധിവാസത്തിനായുള്ള പദ്ധതി ആർ.കെ. ഡി.പി., കിഫ്ബി എന്നിവയുടെ സാമ്പത്തിക സഹായത്തോടെ "നവകിരണം" എന്ന നാമധേയത്തിൽ സർക്കാർ നടപ്പിലാക്കി വരുന്നു. ടി പദ്ധതി സർക്കാർ അംഗീകരിച്ച അംഗീകൃത മാർഗ്ഗരേഖ പ്രകാരമാണ് പുരോഗമിച്ചുവരുന്നത്.

ഭൂമിയുടെ വിസ്തൃതിക്ക് ഉപരിയായി ഇപ്രകാരമുള്ള പ്രദേശത്തു താമസിക്കുന്നവരുടെ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്ന രീതിയിലാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഒറ്റപ്പെട്ട വനാന്തരങ്ങളിൽ താമസിക്കുന്ന വ്യക്തികൾക്ക് യൂണിറ്റ് ഒന്നിന് ലഭിക്കുന്ന 15 ലക്ഷത്തിനുപരിയായി അപേക്ഷയിൽ ആശ്രിതനായി കൂടെ താമസിക്കുന്ന പ്രായപൂർത്തിയായ മകൻ, മകൾ, സഹോദരൻ, സഹോദരി, വിധവ, വിവാഹ മോചിത, അനാഥൻ, അംഗവൈകല്യമുള്ളവർ എന്നിവർക്കും ഓരോ ഉപയൂണിറ്റിന് അർഹരാണ്. രണ്ട് ഹെക്ടറിന് മേൽ വിസ്തൃതിയിലുള്ള ഭൂമിയെങ്കിൽ അധികമായുള്ള ഓരോ രണ്ട് ഹെക്ടറിനെയും ഒരു പാർപ്പിട യൂണിറ്റായി കണക്കാക്കുന്നതാണ്. വനമേഖലയിൽ സ്ഥിരതാമസമില്ലാത്ത കുടുംബമാണെങ്കിൽ, പ്രായപൂർത്തിയായ മകൻ/മകൾ എന്നിങ്ങനെ കണക്കാക്കാതെ നഷ്ടപരിഹാരം ഒരു അർഹതപ്പെട്ട കുടുംബം മാത്രമായി നിജപ്പെടുത്തുന്നതാണ്.

**(ബി)** പ്രസ്തുത പദ്ധതി പ്രകാരം റോസ് മലയിലും കട്ടിളപ്പാറയിലും ഒഴിഞ്ഞു പോയ മുഴുവൻ കുടുംബങ്ങൾക്കും നൽകേണ്ട നഷ്ടപരിഹാര തുക നല്കിയിട്ടുണ്ടോയെന്നും ആർക്കെങ്കിലും ഇനിയും നഷ്ടപരിഹാര തുക നല്കാനുണ്ടെങ്കിൽ ആയത് നൽകാത്തതിന്റെ കാരണങ്ങളെന്തെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷനിലെ കട്ടിളപ്പാറ സെറ്റിൽമെന്റിലെ 68 കുടുംബ യൂണിറ്റുകൾക്ക് മുഴുവൻ തുകയും നൽകിയിട്ടുണ്ട്. ഒരു കുടുംബയൂണിറ്റിന് ഒന്നാം ഗഡു പദ്ധതിത്തുക അനുവദിച്ചിട്ടുണ്ട്. ടി അപേക്ഷയിൽ രണ്ടാം ഗഡു അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റോസ്മല സെറ്റിൽമെന്റിലെ 119 കുടുംബയൂണിറ്റുകൾക്ക് മുഴുവൻ പദ്ധതിത്തുകയും അനുവദിച്ചിട്ടുണ്ട്. 9 കുടുംബയൂണിറ്റുകൾക്ക് ഒന്നാം ഗഡു പദ്ധതിത്തുക അനുവദിച്ചിട്ടുണ്ട്. ടി അപേക്ഷകർക്ക് രണ്ടാം ഗഡു അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** പുനലൂർ മണ്ഡലത്തിലെ റോസ് മലയിലും കട്ടിളപ്പാറയിലും പ്രസ്തുത പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾ നിലവിൽ ഒഴിഞ്ഞു പോയിട്ടുണ്ടെന്നും രണ്ട് സ്ഥലങ്ങളിലുമായി ഇനി എത്ര കുടുംബങ്ങൾ ഒഴിഞ്ഞുപോകാനുണ്ടെന്നും അതിൽ പട്ടയമില്ലാത്തവർ എത്രയെന്നും സ്ഥിര താമസമില്ലാതെ പട്ടയ ഭൂമി മാത്രം സ്വന്തമായുള്ളവരെത്രയെന്നും പ്രത്യേകം പ്രത്യേകം അറിയിക്കാമോ;

**<u>മറുപടി:</u>** കട്ടിളപ്പാറ സെറ്റിൽമെന്റിലെ 68 കുടുംബയൂണിറ്റുകൾക്കും റോസ്മല സെറ്റിൽമെന്റിലെ 119 കുടുംബയൂണിറ്റുകൾക്കും മുഴുവൻ തുകയും നൽകി പദ്ധതി പ്രദേശത്തുനിന്ന് ഒഴിഞ്ഞുപോകുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

റോസ്മല സെറ്റിൽമെന്റിലെ 9 കുടുംബയൂണിറ്റുകൾക്ക് ഒന്നാം ഗഡു പദ്ധതിത്തുക അനുവദിച്ചിട്ടുണ്ട്. ടി അപേക്ഷകർക്ക് സർക്കാരിലേക്ക് ഭൂമി രജിസ്റ്റർ ചെയ്തുതരുന്ന മുറയ്ക്ക് മാത്രമേ രണ്ടാം ഗഡു അനുവദിച്ച് പദ്ധതിപ്രദേശത്തു നിന്നും മാറിപ്പോകുന്നതിനുള്ള സാഹചര്യം ഒരുക്കുവാൻ സാധിക്കുകയുള്ളൂ .

ഇതൊരു സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയാണ് .

**(ഡി)** റോസ് മലയിലും കട്ടിളപ്പാറയിലും പട്ടയ ഭൂമിയിലല്ലാതെ നിലവിൽ താമസിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസം സംബന്ധിച്ചും സ്ഥിരതാമസമില്ലാതെ പട്ടയഭൂമി മാത്രമുള്ളവരെ ഒഴിപ്പിക്കുന്നത് സംബന്ധിച്ചും സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** നവകിരണം സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി സർക്കാർ അംഗീകരിച്ച മാർഗ്ഗരേഖ പ്രകാരമാണ് പുരോഗമിച്ചുവരുന്നത്. ടി മാർഗ്ഗരേഖ പ്രകാരം അപേക്ഷ പരിഗണിക്കുന്നതിൽ പട്ടയഭൂമി ആണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

**(ഇ)** നവകിരണം സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം ഇനിയും റോസ് മലയിലും കട്ടിളപ്പാറയിലും നിന്ന് ഒഴിഞ്ഞു പോകാത്ത കുടുംബങ്ങളെ ഒഴിപ്പിക്കുന്നത് സംബന്ധിച്ച് വനം വകുപ്പിന്റെ നിലപാട് എന്താണെന്നും പ്രസ്തുത പദ്ധതി തുടരുമോയെന്നും വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷനിൽ അനുവദിച്ച തുക വിനിയോഗിക്കുവാൻ വൈൽഡ് ലൈഫ് വാർഡൻ 50 കുടുംബയൂണിറ്റുകളുടെ മുൻഗണന പട്ടിക തയ്യാറാക്കിയിട്ടുള്ളതാണ്. കിഫ്ബി ഫേസ് 2 പദ്ധതിയിൽ ടി മുൻഗണന പട്ടിക പ്രകാരമുള്ള അപേക്ഷകർക്ക് നൽകുവാനുള്ള ഫണ്ടിംഗ് മാത്രമേ ലഭ്യമായിട്ടുള്ളൂ. പുരോഗമിച്ചുവരുന്ന ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട തുക നൽകുന്നതിനോടൊപ്പം പുതിയ അപേക്ഷകരെ ഉൾക്കൊള്ളിച്ച് ഡി.പി.ആർ. തയ്യാറാക്കി വരികയാണ്.

**സെക്ഷൻ ഓഫീസർ**